ഡ്രാമ നവംബർ ഒന്നിന്

രഞ്ജിത്ത് രചനയും സംവിധാനവും നിർവഹിച്ച് ലണ്ടന്റെ പശ്ചാത്തലത്തിൽ പൂർണ്ണമായും ചിത്രീകരിച്ച 'ഡ്രാമ' എന്ന ചിത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഈ ചിത്രം നവംബർ ഒന്നിന് പ്രദർശനത്തിനെത്തുന്നു.



ലോകത്തെവിടെയാണെങ്കിലും മനുഷ്യൻ ചെയ്യേണ്ട, കടമകളുണ്ടെന്ന് 'ഡ്രാമ' എന്ന ചിത്രത്തിലൂടെ ആലേഖനം ചെയ്യുന്നു. മോഹൻലാൽ നായകനാകുന്ന ഈ ചിത്രത്തിൽ പ്രശസ്ത കന്നഡ താരം അരുന്ധതി നംഗ് സുപ്രധാനമായ കഥാപാത്രത്തെ അവതരിപ്പിക്കുന്നു.

ആശാ ശരത്ത്, നിരഞ്ജ്, സുരേഷ് കൃഷ്ണ, ടിനി ടോം, ദിലീഷ് പോത്തൻ, ശ്യാമപ്രസാദ്, ജോണി ആന്റണി, രഞ്ജി പണിക്കർ, ജയരാജ് വാര്യർ, ബോബി ലണ്ടൻ, മനോജ് ആൻഡ്രൂസ്, കനിഹ, സുബി സുരേഷ്, സോയാ ശാലു, ബേബി ലാറ എന്നിവരും പ്രധാന താരങ്ങളാണ്. സംഗീതം: വിനു തോമസ്, അഴകപ്പൻ ഛായാഗ്രഹണവും സന്ദീപ് നന്ദകുമാർ എഡിറ്റിംഗും നിർവഹിക്കുന്നു.

വർണ്ണ ചിത്ര ബിഗ്സ്ക്രീൻ ആന്റ് ഗുഡ്ലൈൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ വഹാ സുബൈറും എം.കെ. നാസറും ചേർന്നാണ് ഈ ചിത്രം നിർമ്മിക്കുന്നത്.

'ധനയാത്ര' ഒക്ടോബർ 26 ന്

ശ്വേതാ മേനോൻ, റിയാസ് ഖാൻ, കന്നട താരം സന്ദീപ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഗിരീഷ് കുന്നുമ്മൽ സംവിധാനം ചെയ്യുന്ന 'ധനയാത്ര' 26ന് തിയ്യേറ്ററിലെത്തുന്നു.

ഭഗത് മാനുവൽ, ആനന്ദ്, കോട്ടയം നസീർ,ധർമ്മജൻ ബോൾഗാട്ടി, ബിജുകുട്ടൻ, ഇന്ദ്രൻസ്, അനിൽ മുരളി,മാമുക്കോയ, കലാഭവൻ പ്രജോദ്, പയ്യന്നൂർ മുരളി, കവിയൂർ പൊന്നമ്മ, ബീന ആന്റണി, സോജ, സംഗീതാ രാജേന്ദ്രൻ,എന്നിവരാണ് മറ്റു താരങ്ങൾ.

ശ്രീ മൂകാംബിക കമ്മ്യൂണിക്കേഷൻസിന്റെ ബാനറിൽ ബെന്നി തൊടുപുഴ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വേണുഗോപാൽ നിർവ്വഹിക്കുന്നു. വയലാർ ശരച്ചന്ദ്രവർമ്മ, ജിനേഷ് കുമാർ എന്നിവരുടെ വരികൾക്ക് രാജാമണി, കാഞ്ഞങ്ങാട് രാമചന്ദ്രൻ എന്നിവർ സംഗീതം പകരുന്നു.

തിരക്കഥ, സംഭാഷണംചന്ദ്രൻ രാമന്തളി, എഡിറ്ററഞ്ജൻ എബ്രാഹം. ലൈൻ പ്രൊഡ്യൂസർ ആഷിഖ് ഉദിനൂർ, പ്രൊഡക്ഷൻ കൺട്രോളർഎ കെ ശ്രീജയൻ, കലരാംകുമാർ, മേക്കപ്പ്അനിൽ നേമം, വസ്ത്രാലങ്കാരം അസീസ്സ് പാലക്കാട്,സ്റ്റിൽസ്അനസ് പടന്നയിൽ, ചീഫ് അസോസിയേറ്റ് ഡയറക്ടർകമൽ പയ്യന്നൂർ,വാർത്ത പ്രചരണം എ.എസ് ദിനേശ്.

'നല്ലവിശേഷം' പൂർത്തിയായി

'ജലം ജീവനാണ്' എന്ന പ്രകൃതിബോധവും ഒപ്പം ജലമലിനീകരണം തടഞ്ഞ് പ്രകൃതിയെ സംരക്ഷിക്കുക എന്ന സന്ദേശവുമായെത്തുന്ന ചിത്രമാണ് "നല്ലവിശേഷം"

ബാനർ–പ്രവാസി ഫിലിംസ്, കഥ, സംവിധാനം–അജിതൻ, കോ: പ്രൊഡ്യൂസർ–ശ്രീജി ഗോപിനാഥൻ, തിരക്കഥ, സംഭാഷണം–വിനോദ് വിശ്വൻ, ഛായാഗ്രഹണം – നൂറുദ്ദീൻ ബാവ, ചീഫ് അസ്സോ: ഡയറക്ടർ – മനീഷ് ഭാർഗവൻ, എഡിറ്റിംഗ് – സുജിത് സഹദേവ്, ഗാനരചന – മുരുകൻ കാട്ടാക്കട, ഉഷാമേനോൻ, സംഗീതം – സൂരജ് നായർ, റെക്സ്, ആലാപനം – നജീം അർഷാദ്, ശ്രുതി, മുരുകൻ കാട്ടാക്കട, പ്രൊ: കൺട്രോളർ – ശ്യാംസരസ്സ്, പി.ആർ.ഓ – അജയ് തുണ്ടത്തിൽ.

ബിജു സോപാനം, ശ്രീജി ഗോപിനാഥൻ, ഇന്ദ്രൻസ്, ചെമ്പിൽ അശോകൻ, ബാലാജി, ദിനേശ് പണിക്കർ, ശശികുമാർ (കാക്കമുട്ട ഫെയിം), കലാഭവൻ നാരായണൻകുട്ടി, തിരുമല രാമചന്ദ്രൻ, രമേഷ് വലിയശാല, വളവിൽ മധു, രമേഷ് ഗോപാൽ, അനിഷ സീനു, അപർണ്ണാ നായർ, രുക്മണിയമ്മ, ശ്രീജ, സ്റ്റെല്ലാരാജ, രെഞ്ചു, അർച്ചന, വീണാ കൊല്ലം, ബേബി വർഷ എന്നിവരഭിനയിക്കുന്നു.

(ഒന്നാം പേജ് തുടർച്ച...)

ഒന്നുമില്ല. നമ്മുടെ ഹൃദയത്തിൽ നിന്നുള്ള സ്നേഹത്തെ വേണം പകർന്നു കൊടുക്കുവാൻ. അല്ലാതെ പുറമെ അഭിനയിച്ചുള്ള സ്നേഹത്തെക്കുറിച്ചല്ല ഞാൻ പറഞ്ഞത്. പ്രശ്നങ്ങളുള്ള ആളുകൾ ഇവിടെയുണ്ട്. 300ൽ അധികം വരും മാനസിക രോഗികളുടെ തന്നെ എണ്ണം. അവരാരും ഗാന്ധിഭവനിൽ വയലന്റാകുന്നില്ല. പല പ്രശ്നങ്ങളുണ്ട്, പല കാര്യങ്ങളുണ്ട്, പലതും പറഞ്ഞു കൊണ്ടിരിക്കും. ഇന്ത്യയുടെ പ്രസിഡന്റ് എന്നു പറയുന്ന ആളുണ്ട്. ബ്രൂണെ സുൽത്താന്റെ മകനാണെന്നു പറയുന്ന ആളുണ്ട്. ഡി.ജി.പി.ആണെന്ന് പറയുന്ന ആളുമുണ്ട്. അങ്ങനെ പലതരത്തിലുള്ളവർ. അവരോടെല്ലാം ഒരോരുത്തർക്കും വേണ്ട വിധത്തിൽ ഇടപെടുകയും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കുകയും ചെയ്യാറുണ്ട് .70 വയസുള്ള ഒരു മനോരോഗി കൂടെ കൂടെ വന്ന് എന്റെ വിവാഹം എന്നാണെന്ന് ചോദിച്ചു കൊണ്ടേ ഇരിക്കാറുണ്ട് . ഓണം കഴിഞ്ഞു നടത്താം എന്നു പറഞ്ഞാൽ ശരി എന്ന് പറഞ്ഞ് പോകും. അവരുടെ മനസ് മനസിലാക്കി, അവരുടെ രീതിക്കനുസരിച്ച് കാര്യങ്ങളിൽ ഇടപെട്ട് പരിഹരിച്ചു കൊടുക്കും. എച്ച്.ഐ.വി.പേഷ്യന്റ്സ് ഉൾപ്പെടെ ഉള്ളവർ ഇവിടെ ഉണ്ട്, പീഡനങ്ങളിൽ പെട്ട് ഗർഭം ധരിച്ചവരും ഉണ്ട്. അവരിൽ പലരെയും കോടതി ഇടപെട്ട് ഇവിടെ എത്തിക്കുന്നു. പ്രസവം കഴിഞ്ഞ് കുട്ടികൾക്കൊപ്പം കഴിയുന്നവരും ധാരാളം. അച്ഛനും അമ്മയും ഇല്ല എന്നതിന്റെ വിഷമം അറിയാതെ വളരെ ചിട്ടയോടെയാണ് അവരിവിടെ ജീവിക്കുന്നത്. ശാരീരിക വൈകല്യമുള്ളവരുടെ എണ്ണം തന്നെ 200നടുത്ത് വരും. ബുദ്ധിമാന്ദ്യമുള്ളവർ അതിലേറെയുണ്ട്. ഗാന്ധിഭവൻ സ്പെഷ്യൽ സ്കൂളിൽ വീടുകളിൽ നിന്ന് വരുന്നവർ ഉൾപ്പെടെ 218 പേരുണ്ട്.

? ഗാന്ധിഭവന്റെ വലിയൊരു പ്രൊജക്ടിനായി തൊട്ടടുത്ത് വാങ്ങിയ ഒന്നര ഏക്കർ ഭൂമിയിൽ തുടങ്ങിയ നിർമ്മാണ പ്രവർത്തനം നിലച്ചുപോയെന്നു കേട്ടു

ലുലു മാൾ ഉടമ യൂസഫലി സാർ ആദ്യം ഇവിടെ വന്നപ്പോൾ ഒരു കോടി രൂപ തരുവാൻ ഇടയായി. ആ തുക അതുപോലെ തന്നെ ആർക്കിടെക്റ്റ് ശങ്കറിന്റെ ഹാബിറ്റാറ്റിന് കെട്ടിട നിർമാണത്തിനായി കൈമാറുകയായിരുന്നു. പണി തുടങ്ങി. ഗാന്ധിഭവന്റെ ബജറ്റിനു മേലെയുള്ള ഒരു പദ്ധതിയാണ് ശങ്കർ പ്ലാൻ ചെയ്തത്. പൈലിങ്ങിന്റെ സമയത്ത് ചില സാമൂഹ്യ വിരുദ്ധർ ഇടപെട്ട് പണത്തിനായി പ്രശ്നങ്ങൾ ഉണ്ടാക്കുകയായിരുന്നു. അങ്ങനെ പണി മുടങ്ങി. ആ പണി വീണ്ടും തുടങ്ങുവാൻ പോകുകയാണ്. അഞ്ചു കോടി രൂപ ചെലവുവരുന്ന പദ്ധതി യൂസഫലി സാർ തന്നെ നേരിട്ട് നിർവഹിച്ചു തരുമെന്ന് വാഗ്ദാനം ചെയ്തിരിക്കുകയാണ്. 200 പേർക്ക് എല്ലാ സൗകര്യങ്ങളോടു കൂടി താമസിക്കുന്നതിനുള്ള 40000 സ്ക്വയർ ഫീറ്റുള്ള മുറികളും, ഡോർമിറ്ററികളും ഉള്ള, ആശുപത്രിയുടെ സൗകര്യങ്ങളുള്ള കെട്ടിടം അവിടെ ഉയരുവാൻ പോകുന്നു. കൂടാതെ യൂസഫലി സാറ് തന്ന പണം കൊണ്ട് വാട്ടർ ട്രീററ്മെന്റ് പ്ലാന്റ് തുടങ്ങി.സ്പെഷ്യൽ സ്കൂളിന് 75 സെന്റ് സ്ഥലം, സ്കൂൾ ബസ്, കടബാദ്ധ്യതകൾ തീർക്കുവാൻ 30 ലക്ഷം രൂപ ഇതൊക്കെ അദ്ദേഹം നൽകുകയുണ്ടായി. പ്രതിവർഷം ഒരു കോടി രൂപ ഗ്രാന്റ് അദ്ദേഹം അനുവദിച്ചിട്ടുണ്ട്. ഇവിടത്തെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലും സംതൃപ്തിയിലും ആണ് അദ്ദേഹത്തിന്റെ തുടർ സഹായങ്ങൾ ലഭിച്ചു വരുന്നത്. എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്, മതേതരത്വം ഉയർത്തിപിടിക്കുന്നു. അതൊക്കെയാണ് അദ്ദേഹത്തിന്റെ ശ്രദ്ധ ഗാന്ധിഭവനിലേക്ക് പതിയുവാൻ ഇടയാക്കിയത്.

? ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമ സ്വരാജ് തന്നെയാണോ ഗാന്ധിഭവനിലുള്ളത്

ഇവിടെ സ്നേഹ ഗ്രാമം എന്നൊരു പഞ്ചായത്തുണ്ട്. വർഷം തോറും തെരഞ്ഞെടുപ്പ് നടക്കുന്നു. ഒൻപത് മണ്ഡലങ്ങളാണ് ഉള്ളത്. 27 വാർഡുകൾ ഉണ്ട്. രണ്ട് പാനൽ ഉണ്ടാകാറുണ്ട്. സ്വതന്ത്രന്മാരും. അതു കൊണ്ടു തന്നെ വിറുറ്റ മത്സരവും നടക്കാറുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് മാതൃകയിൽ ഒരു കമ്മീഷനാണ് ഇലക്ഷൻ നടത്തുക. ബാലറ്റു പേപ്പറും, ബൂത്തും ക്യൂവും ഒക്കെയുണ്ടാകാറുണ്ട്. സെപ്റ്റംബറിൽ ഇലക്ഷൻ. ഒക്ടോബർ രണ്ടിന് അധികാരമേൽക്കും. തെരഞ്ഞെടുക്കപ്പെടുന്നവരാണ് പഞ്ചായത്ത് ഭരിക്കുക. ഇലക്ഷൻ കഴിഞ്ഞാൽ പിന്നെ പ്രതിപക്ഷം ഇല്ല. നല്ലതിനു വേണ്ടി എല്ലാവരും ഒരുമിച്ചു നിൽക്കും. ആവശ്യങ്ങൾ കമ്മറ്റി കൂടി തീരുമാനിച്ച് ട്രസ്റ്റിനെക്കൊണ്ട് നടത്തിക്കുന്നു. ഏറ്റവും നല്ല ശുചിത്വമുള്ള പ്രസ്ഥാനം എന്ന നിലക്കാണ് കേരളത്തിൽ ഒരു ജീവകാരുണ്യ സ്ഥാപനത്തിന് ഐ.എസ്.ഒ.സർട്ടിഫിക്കറ്റ് ലഭിച്ചത്. ഏഷ്യയിലെ ഏറ്റവും വലിയ മതേതര കുടുംബം എന്നതിനുള്ള ബഹുമതി ഇന്ത്യ ബുക്ക് ഓഫ് റെക്കാർഡ്സ് തന്നിട്ടുണ്ട്.

ഗാന്ധിഭവനകത്ത് ഒരു ഗ്രാമീണ അന്തരീക്ഷമുണ്ട്. ഒരു ഗ്രാമത്തിനു വേണ്ട എല്ലാം ഇവിടെയുണ്ട്. ബാർബർ ഷോപ്പ്, ലൈബ്രറി, ടെയ്‌ലറിങ് ഷോപ്പ്, നാടകശാല ... അങ്ങനെയങ്ങനെ നീണ്ടുപോകുന്നു ആ പട്ടിക. ഞാൻ തന്നെ പ്ളാൻ ചെയ്ത് ചെയ്യിക്കുകയായിരുന്നു. സാഹചര്യവും, സാമ്പത്തിക അവസ്ഥയും അനുസരിച്ച് പുതുക്കലുകളും, ചേർക്കലുകളും ഇപ്പോഴും നടത്തി വരികയാണ്.

പുരസ്കാര നിറവിൽ

? കാരുണ്യ കുടുംബാംഗങ്ങൾക്ക് പ്രാഥമികമായിട്ടു വേണ്ട സൗകര്യങ്ങൾ ഇപ്പോഴുണ്ടോ

മിക്ക സൗകര്യങ്ങളും ആയിട്ടുണ്ട്. പുതുതായി വരുന്നവർക്ക് തുടക്കത്തിൽ എന്തെങ്കിലും കാര്യങ്ങൾ ഇല്ലാതെ വന്നാലും താമസിയാതെ അവയെല്ലാം പരിഹരിച്ചു കൊടുക്കാറുണ്ട്. മെഡിക്കൽ സൗകര്യങ്ങൾ കുറെക്കൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്. അത്യാവശ്യത്തിന് അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങൾ, ഡോക്ടർമാർ, 30നടുത്ത് നേഴ്സിങ്ങ് സ്റ്റാഫ്, സഹായികളായി 60 സ്റ്റാഫ്, മരുന്നുകൾ, ആമ്പുലൻസ്, മോർച്ചറി എല്ലാമുണ്ട്. നല്ല അടുക്കള, പാട്ടത്തിനെടുത്ത രണ്ടേക്കർ കൃഷിയിടം അങ്ങനെയങ്ങനെ. ഒട്ടേറെ നിർമാണങ്ങൾ ഇപ്പോഴും നടന്നു വരുന്നു. ഒട്ടേറെ ഉൽപ്പന്നങ്ങൾ ഗാന്ധിഭവന്റേതായുണ്ട്. മിൽമ, ആയുർവേദ മരുന്ന് ശാല തുടങ്ങിയവയുമുണ്ട്. കൂടാതെ ഒരു മിനിമാർക്കറ്റും പ്രവർത്തിക്കുന്നുണ്ട്.

? ആരെല്ലാമാണ് സഹായിക്കുവാൻ ഉള്ളത്

മകൻ അമലുണ്ട്. ജോയിന്റ് സെക്രട്ടറി ഭുവനചന്ദ്രൻ എന്റെ കരുത്താണ്. പേരുകൾ പറഞ്ഞാൽ തീരില്ല.അത്രത്തോളം ആളുകൾ സഹകരിക്കുന്നുണ്ട്.

? എന്തെല്ലാം പ്രശ്നങ്ങളെയാണ് ദിവസവും അഭിമുഖീകരിക്കേണ്ടി വരുന്നത്

ഒത്തിരി പ്രശ്നങ്ങളുണ്ട്. ചികിത്സ സംബന്ധിച്ചു തന്നെ നിരവധി കാര്യങ്ങൾ ഉണ്ടാകുന്നു. പോലീസുമായി, പല വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ടും പലതും സംഭവിക്കാറുണ്ട്. സാമ്പത്തിക ചെലവുകൾ പലപ്പോഴും പ്രതീക്ഷവിട്ട് പതിന്മടങ്ങാവും. ഇതെല്ലാം എങ്ങനെയോ നടക്കുന്നു. പരാജയപ്പെടുന്നില്ല എന്നിടത്താണ് ഗാന്ധിഭവന്റെ വിജയം കാണുന്നത്.

? നട തള്ളുക എന്നതു പോലത്തെ ഒരു പ്രശ്നം അനുഭവപ്പെടാറുണ്ടോ.

തീർച്ചയായും. ഒരുപാട് ആളുകളെ കുടുംബാംഗങ്ങൾ തന്നെ ഉപേക്ഷിക്കുകയാണ്. അതിനെതിരെ ശബ്ദമുയർത്തുവാൻ വേണ്ടി തുടങ്ങിയതാണ് ഗാന്ധിഭവൻ ഗുരു വന്ദന സംഗമം. 1400 ദിവസങ്ങൾ അടുത്തു തന്നെ പുർത്തീകരിക്കും. ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കാർഡിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

? ഗാന്ധിഭവന് ഈ വർഷത്തെ സംസ്ഥാന സർക്കാർ ബജറ്റിലൂടെ ലഭിച്ച 50ലക്ഷം രൂപ

ആ തുക ഉപയോഗിച്ച് ചെങ്ങന്നൂരിൽ കെട്ടിടം നിർമിച്ച് വരുന്നു .സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഗ്രാന്റായി തരികയായിരുന്നു.

? അങ്ങും കുടുംബവും ഗാന്ധിഭവന്റെ പുറത്ത് താമസിക്കുക എന്ന ആശയം / താൽപ്പര്യം എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ

ഇല്ല. ഒരിക്കലുമില്ല. ഞാനും ഭാര്യയും താമസിക്കുന്നത് കുടിൽ എന്ന 200 സ്ക്വയർ ഫീറ്റുള്ള ചെറിയൊരു മുറിയിലാണ്.കേരളത്തിലെ ഏറ്റവും വലിയ ഗാന്ധി പ്രതിമ നിൽക്കുന്നതിന്റെ തൊട്ടടുത്തു തന്നെ. ഞങ്ങൾ ഈ സൗകര്യങ്ങളിൽ പൂർണ തൃപ്തരാണ്. കുടുംബാംഗങ്ങളും, ബന്ധുക്കളും ഗാന്ധിഭവന്റെ പ്രവർത്തനങ്ങളിൽ പൂർണ തൃപ്തരാണ്. മക്കളുടെ വിവാഹങ്ങൾ നടന്നതും ഇവിടെ വച്ചു തന്നെ.

നമ്മുടെ മനസ് എപ്പോഴും താഴ്മയുടെ ഭാഗത്ത് നിൽക്കണമെന്നതിൽ താൽപ്പര്യം എടുക്കാറുണ്ട്. ഒത്തിരി സന്തോഷം മനസിനുണ്ട്. ഗാന്ധിഭവൻ തരുന്നതാണ്; അതെല്ലാം. പൊതുപ്രവർത്തകൻ എന്ന നിലയിൽ തുടർന്നിരുന്നുവെങ്കിൽ പല അധികാര മേഖലകളിലും എത്തുവാൻ ഒരു പക്ഷെ കഴിഞ്ഞേനെ. ഇവിടത്തെ ഒരോ അമ്മമാരുടെയും മനസിൽ എനിക്കൊരിടമുണ്ട്.അതു പുണ്യമായും, ഭാഗ്യമായും കരുതാറുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വരുന്നവർ ഗാന്ധിഭവൻ കണ്ടിട്ട് അത്ഭുതപ്പെടാറുണ്ട്. വന്നു കാണുന്നവർ പറയുന്നതാണ് ഗാന്ധിഭവനു കിട്ടുന്ന പ്രചരണം എന്നു തന്നെയാണ് കരുതുന്നത്.

? ഗാന്ധിഭവനെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് എന്താണ്

ഒറ്റപ്പെടലുകൾ സമൂഹത്തിൽ ഉള്ളിടത്തോളം കാലം ഗാന്ധിഭവന്റെ പ്രവർത്തനങ്ങൾ പല ശാഖകളിലായി വിപുലമായി തുടരുക തന്നെ ചെയ്യും. മാതാപിതാക്കളെ ഉപേക്ഷിക്കരുത് എന്ന പ്രചരണം ഗാന്ധിഭവൻ നിരന്തരമായി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണല്ലോ.ഗാന്ധിഭവനെക്കുറിച്ച് ഇതല്ലാതെയും എനിക്ക് രണ്ട് സ്വപ്ന പദ്ധതികളുണ്ട്.

ഒരു മെഡിക്കൽ കോളേജ് എന്നത് ദീർഘകാലമായുള്ള അഭിലാഷമാണ്.മെഡിക്കൽ വിദ്യാഭ്യാസമല്ല, മറിച്ച് ചികിത്സയും ഗവേഷണവുമായിരിക്കും അവിടെ നടക്കുക. നിലവിലുള്ള എല്ലാ ചികിത്സാ സമ്പ്രദായങ്ങളേയും ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനമായിരിക്കും ഉണ്ടായിരിക്കുക.പാരമ്പര്യ ചികിത്സ, ആയുർവേദം, സിദ്ധ, ഹോമിയോ, യുനാനി, അലോപ്പതി തുടങ്ങി ഏതു ചികിത്സയും അവിടെ ലഭിക്കും.എല്ലാ സമ്പ്രദായങ്ങളിലും നിരന്തരമായ ഗവേഷണവും നടക്കും. ചികിത്സയ്ക്ക് എത്തുന്നവരിൽ നിന്ന് ഫീസ് ഈടാക്കില്ല, അങ്ങനെ ഒരു ബില്ലുമുണ്ടാകില്ല. സാമ്പത്തികമുള്ളവർ ഈ മെഡിക്കൽ കോളേജിൽ ചികിത്സ തേടി എത്തിയാൽ പാവപ്പെട്ട രോഗികളുടെ ആവശ്യങ്ങൾക്കു വേണ്ടി വരുന്ന ഇഷ്ടമുള്ള സാമ്പത്തിക സഹായം അവർക്ക് ചെയ്യാം. ഒരു രോഗി വന്നാൽ ആദ്യം എല്ലാ മെഡിക്കൽ ടെസ്റ്റുകളും നടത്തും. എല്ലാ സിസ്റ്റത്തിലുമുള്ള ഡോക്ടർമാർ ഒരുമിച്ചിരിക്കുന്ന ഇടത്തേക്കാവും പിന്നീട് രോഗിയെ ആനയിക്കുക. ആ മെഡിക്കൽ ബോർഡായിരിക്കും ചികിത്സ നിശ്ചയിക്കുന്നത്. ചിലപ്പോൾ ഒരാളുടെ രോഗം ഹോമിയോപ്പതി കൊണ്ട് മാത്രം മാറ്റാനാകും. അല്ലെങ്കിൽ ആയുർവേദം, നാച്ചറോപ്പതി കൊണ്ട് മാറ്റാനാകും. രോഗം ഭേദമാകുവാൻ കുറഞ്ഞ ചെലവുള്ള ചികിത്സാ സമ്പ്രദായത്തിലേക്ക് മാറ്റുക എന്ന നയം കൂടിയാകും അവിടെ സ്വീകരിക്കുക. സർജറി ഉൾപ്പെടെ അടിയന്തിര പ്രാധാന്യമുള്ള ചികിത്സകൾ അലോപ്പതിയിലായിരിക്കും നടത്തുക.

മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ വസ്തു ലഭ്യമായിക്കഴിഞ്ഞാൽ ലോകത്തുള്ള എല്ലാ സമൂഹത്തോടും ഒരു രൂപ വീതം തന്ന് ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കും. ആ തുക കൊണ്ട് മെഡിക്കൽ കോളേജ് നിർമ്മിക്കുകയാണ് ലക്ഷ്യം. എല്ലാ സമ്പ്രദായങ്ങളിലുമുള്ള ഡോക്ടർമാരെ കാണുമ്പോഴെല്ലാം വർഷങ്ങളായി ഈ ആശയം പങ്കുവയ്ക്കാറുണ്ട്. ഈ ആശയത്തോട് ചേരാൻ ആഗ്രഹിക്കുന്നവരാണ് അവരിൽ

മിക്കവരും. വർഷത്തിൽ ഒരു പ്രാവശ്യം നിങ്ങളിവിടെ വന്ന് ഒന്നോ രണ്ടോ ദിവസത്തേക്ക് സേവനം ചെയ്യണമെന്നും അവരോട് പറയാറുണ്ട്. എല്ലാ ഡോക്ടർമാരും തന്നെ അതിന് പൂർണ പിന്തുണ അറിയിച്ചിട്ടുണ്ട്. സ്വതന്ത്ര കാഴ്ച്ചപ്പാടും നിലപാടും ഉള്ള ഡോക്ടർമാരുമായാണ് ഞാനെന്റെ ആശയങ്ങൾ കൂടുതലും പങ്കുവച്ചിട്ടുള്ളത്. മരുന്നു ലോബികളുടെ, അലോപ്പതി ഡോക്ടർമാരിൽ ചിലരുടെ ഒക്കെ താൽപ്പര്യക്കുറവ് ഇക്കാര്യത്തിൽ ഉണ്ടാകാം. എന്നിരുന്നാലും ഗാന്ധിഭവന്റെ ഈ ആശയം, സ്വപ്നം പ്രാവർത്തികമാകും എന്നു തന്നെ വിശ്വസിക്കുന്നു. ഒരു രോഗി പോലും ചികിത്സ കിട്ടാതെ മരിക്കരുത് എന്ന ആശയത്തെ ഉയർത്തിപ്പിടിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

10 ഏക്കർ ഭൂമിയാണ് മെഡിക്കൽ കോളേജിന് നിലവിൽ വേണ്ടത്. ഏഴ് ഏക്കർ ഭൂമി മലബാറിൽ ഗാന്ധിഭവന് നൽകാമെന്ന വാഗ്ദാനം നിലവിലുണ്ട്. അവിടെ തന്നെ മൂന്ന് ഏക്കർ കൂടി ഇപ്പോഴത്തെ അവസ്ഥയിൽ കണ്ടെത്തേണ്ടി വരുമെന്ന് മാത്രം.

രണ്ടാമതായി മനുഷ്യ സമൂഹം നന്നാവണമെങ്കിൽ ജീവകാരുണ്യം കൂടി വിദ്യാഭ്യാസ പദ്ധതികളിലും സിലബസിലും വരണം. നമുക്കതില്ല. നമ്മൾ പഠിക്കുന്ന കണക്കും സയൻസും ചരിത്രവും മാത്രമല്ല യഥാർത്ഥ മനുഷ്യനാകുവാൻ വേണ്ടത്. ഒരു ജീവകാരുണ്യ വിദ്യാഭ്യാസ സമ്പ്രദായം തന്നെ നമുക്ക് വേണ്ടതുണ്ട്. പ്രധാനമായും മനുഷ്യത്തത്തെക്കുറിച്ച് നമ്മുടെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ അറിഞ്ഞിരിക്കണം. രാഷ്ട്രീയം ഉൾപ്പെടെ പൊതു പ്രർത്തന രംഗത്തുള്ളവർക്കൊക്കെ വിദ്യാഭ്യാസം കുറവാണെങ്കിൽ പോലും ജീവകാരുണ്യ പ്രവർത്തനങ്ങൾ പഠിച്ച് അറിഞ്ഞതിന്റെ സർട്ടിഫിക്കറ്റെങ്കിലും നിർബന്ധമാക്കണം. അത്തരമൊരു പീനത്തിന് ഒരു ജീവകാരുണ്യ യൂണിവേഴ്സിറ്റി എന്നത്എന്റെ ഒരു സ്വപ്നമാണ്. കുട്ടികൾക്കും, നിരക്ഷരർക്കും ഉൾപ്പെടെ ജീവകാരുണ്യം മനസിലാക്കാനും പഠിക്കാനുമുള്ള അവസരം അവിടെ ഉണ്ടാകും. രാഷ്ട്രീയ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ ഇവരൊക്കെ അവിടെ പഠിക്കണമെന്ന നിബന്ധന വരണം. കുട്ടിക്കാലം മുതൽക്കേ നമ്മുടെ സമൂഹത്തിൽ ജീവിക്കുന്നവർക്ക് ഇങ്ങനെയൊരു പഠനമില്ലാത്തതിന്റെ പോരായ്മയാണ് എന്തു പ്രത്യാശ ജനത്തിനു ലഭിച്ചാലും അത് പ്രാവർത്തികമാകാതെ പോകുന്നതിന്റെ കാരണം.

? ഗാന്ധിഭവന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് സാമ്പത്തികം ഇപ്പോഴും തടസമാണോ

സാമ്പത്തിക ബുദ്ധിമുട്ട് നിലനിൽക്കുകയാണ്. കടബാദ്ധ്യതകൾ പുതുതായും വന്നു കൊണ്ടിരിക്കുന്നു. ചോദിക്കാതെ തന്നെ അറിഞ്ഞ് പ്രവർത്തിക്കുന്ന ഒട്ടേറെ പേരുടെ സഹായങ്ങൾ കൊണ്ടാണ് ഗാന്ധിഭവന്റെ പ്രവർത്തനങ്ങൾക്ക് മുന്നോട്ടു പോകാനാകുന്നത്. കല്ലടയാറിനു വളരെ അടുത്തുള്ള ഗാന്ധിഭവനിൽ പ്രളയം കൺമുന്നിൽ എത്തിയിട്ടും ഭാഗ്യവശാൽ ഒന്നും സംഭവിച്ചില്ല. എന്തെങ്കിലും സഹായം വേണ്ടതുണ്ടോ എന്ന് യൂസഫലി സാറ് ആദിവസങ്ങളിൽ തിരക്കിയിരുന്നു.

350ഓളം ജീവനക്കാർ ഗാന്ധിഭവനുണ്ട്. കാരുണ്യ കുടുംബത്തിലെ 1000 പേരെങ്കിലും നിത്യവും മരുന്നു വേണ്ടവരാണ്. മനോരോഗ മരുന്നുകളാണ്ടും തന്നെ വില കുറച്ചു ലഭിക്കുവാനുള്ള സാഹചര്യമില്ല. തിരുവനന്തപുരം മാനസികരോഗാശുപത്രിയിൽ

നിന്നു ലഭിക്കുന്ന കുറച്ച് മരുന്നുകൊണ്ടൊന്നും ഒന്നും ആവില്ല. സ്വകാര്യ മേഖലയിലെ ആശുപത്രികളെ ആശ്രയിക്കേണ്ടി വരാറുണ്ട്. അവിടെ ഇളവുകൾ ലഭിക്കുക അപൂർവം. ദിവസം കുറഞ്ഞത് മൂന്നു ലക്ഷം രൂപയെങ്കിലും വേണ്ടതുണ്ട്.നിലനിൽപ്പിനുള്ള കാര്യങ്ങളിലെ ദൈനംദിന ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, തുടർച്ചയായി നടന്നു വരുന്ന നിർമാണ പ്രവർത്തനങ്ങൾ ഇവയൊക്കെ അതിൽ പെടും. ഗാന്ധിഭവന്റെ പത്തനാപുരം കേന്ദ്രത്തിൽ 2005ൽ തുടങ്ങി നിർമാണ പ്രവർത്തനങ്ങൾ. 13 വർഷം പിന്നിടുമ്പോഴും അടിസ്ഥാന സൗകര്യ വികസനം മുഴുമിപ്പിക്കാനാകുന്നില്ല.

സോമരാജനും കുടുംബവും

? ഉദ്ദേശിച്ച കാര്യങ്ങൾ പൂർത്തീകരിച്ചു കൊണ്ടിരിക്കയാണോ

തീർച്ചയായും. എല്ലാം മുന്നോട്ടാണ് എന്നതിൽ ഒത്തിരി സന്തോഷമുണ്ട് .(ചിരിക്കുന്നു)തിരുവനന്തപുരം കാസർഗോഡ്, ഇടുക്കി,